**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാർ കൈക്കൂലി വാങ്ങുന്നതായ സോഷ്യൽ ജസ്റ്റിസ് ഫോറത്തിന്റെ പരാതി - വിജിലൻസ് മിന്നൽ പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സാംജി ഡേവിഡിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 831/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.03.20115

പരാമർശം:-
1) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ E8(SC2/12/TSR) 31772/2011 നമ്പർ ഉത്തരവ്.
2) 29.05.2013 തീയതിയിലെ 20388/ഇയു1/13/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3) കുറ്റാരോപണ മെമ്മോയ്ക്കുള്ള ശ്രീ. സാംജി ഡേവിഡിന്റെ 23.05.2013 തീയതിയിലെ പ്രതിവാദ പത്രിക.
4) നഗരകാര്യ ഡയറക്ടറുടെ 13.12.2013 തീയതിയിലെ വി2-10986/2013 നമ്പർ കത്ത്.

**ഉത്തരവ്**

ചാവക്കാട് നഗരസഭാ സെക്രട്ടറി, നഗരസഭാ എഞ്ചിനീയർ എന്നിവർ കൈക്കൂലി വാങ്ങുന്നതായ സോഷ്യൽ ജസ്റ്റിസ് ഫോറത്തിന്റെ പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ തൃശൂർ യൂണിറ്റ് 28.01.2012 തീയതിയിൽ ചാവക്കാട് നഗരസഭയിൽ നടത്തിയ വിജിലൻസ് മിന്നൽ പരിശോധനയിൽ നഗരസഭാ സെക്രട്ടറി ഉൾപ്പെടെ ജീവനക്കാർ കൃത്യമായി ജോലിക്ക് ഹാജരാകുന്നില്ലെന്നും, നഗരസഭയിൽ രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നില്ലെന്നും KMBR -ലെ ചട്ടങ്ങൾ ലംഘിച്ച് കെട്ടിട നിർമ്മാണം നടക്കുന്നതായും കണ്ടെത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

വിജിലൻസ് വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ക്രമക്കേടുകൾക്ക് നഗരസഭാ സെക്രട്ടറി ശ്രീ. സാംജി ഡേവിഡിന് പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോ നൽകിയിരുന്നു.

1. നഗരസഭാ സെക്രട്ടറി ഡോ. സാംജി ഡേവിഡ് അവധിയിലായിരുന്നു. എന്നാൽ ഇക്കാര്യത്തിൽ നടത്തിയ രഹസ്യാന്വേഷണത്തിൽ ടിയാൻ കൃത്യമായി ഓഫീസിൽ ഹാജരാകാറില്ലെന്ന് കാണുന്നു. ഇക്കാര്യത്തിൽ മൊഴി പ്രകാരം നഗരസഭാ സെക്രട്ടറി ടിയാന്റെ ചാർജ്ജ് ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജാനകിയ്ക്കും ടിയാൾ പ്രസ്തുത ചാർജ്ജ് ജൂനിയർ സൂപ്രണ്ട് ശ്രീ. ടി.പി. ജനാർദ്ദനനും നൽകിയതായി സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് തെളിയിക്കുന്നതിനാവശ്യമായ യാതൊരു രേഖയും ലഭ്യമല്ല.
2. നഗരസഭാ ഓഫീസിൽ ഫയലുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചിരുന്നില്ല.

കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സാംജി ഡേവിഡ് പരാമർശം (3) പ്രകാരം പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നു. ആയത് പ്രകാരം ടിയാൻ നഗരസഭാ സെക്രട്ടറിയുടെ ചുമതല ഏറ്റെടുത്തത് 27.12.2011-ൽ ആണെന്നും, വിജിലൻസ് പരിശോധന നടത്തിയ 28.01.2012-ൽ ടിയാൻ കാഷ്വൽ ലീവിലായിരുന്നുവെന്നും അന്നേ ദിവസം സെക്രട്ടറിയുടെ ചുമതല ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീമതി. ജാനകിക്ക് രേഖാമൂലം നൽകിയിരുന്നതായും, എന്നാൽ പരിശോധനാ സമയത്ത് ജനറൽ സെക്ഷൻ സൂപ്രണ്ട് സ്ഥലത്തില്ലാത്തതിനാലാണ് ആയത് അന്വേഷണ സംഘത്തോട് ബോധ്യപ്പെടുത്താനാകാതിരുന്നതെന്നും, ഫയലുകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിച്ചില്ലെന്ന ആരോപണം പൂർണ്ണമായും ശരിയല്ലെന്നും ആയത് ഓഡിറ്റുകളിലൊന്നും കണ്ടെത്തിയിരുന്നില്ലെന്നും, ആകയാൽ ആയതിന്റെ ഉത്തരവാദിത്വം ചാവക്കാട് നഗരസഭാ സെക്രട്ടറിയെന്ന നിലയിൽ ചുമതലയേറ്റ ഒരു മാസം പോലും തികഞ്ഞിട്ടില്ലാതിരുന്ന സാഹചര്യത്തിൽ തന്റെ മേൽ ആരോപിക്കുന്നത് ശരിയല്ലെന്നും, ആകയാൽ ആരോപണങ്ങളിൽ നിന്നും മുക്തനാക്കണമെന്നും ശ്രീ. സാംജി ഡേവിഡ് അപേക്ഷിച്ചിട്ടുണ്ട്. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. സാംജി ഡേവിഡ് സമർപ്പിച്ച മറുപടി അനുഭാവ പൂർവ്വം പരിഗണിക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (4 പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സാംജി ഡേവിഡിനെതിരായ ഒന്നാമത്തെ കുറ്റാരാപണം ടിയാൻ കൃത്യമായി ഓഫീസിൽ ഹാജരാകാറില്ല എന്നതാണ്. ആയതിന് ടിയാൻ നൽകിയ മറുപടിയിൽ 28.01.2012 മുതൽ 30.01.2012 വരെ ഓഫീസ് ചുമതല രേഖാമൂലം ജനറൽ വിഭാഗം ഓഫീസ് സൂപ്രണ്ടിന് കൈമാറിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ആയതിന് തെളിവായി

ജനറൽ വിഭാഗം സൂപ്രണ്ട് ശ്രീമതി. ജാനകിക്ക് സെക്രട്ടറിയുടെ ചുമതല രേഖാമൂലം കൈമാറിയതു സംബന്ധിച്ച രേഖ ഹാജരാക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടിരുന്നു എങ്കിലും ആയത് ഓഫീസിലെ ഫയലിൽ കണ്ടെത്താൻ കഴിഞ്ഞില്ലെന്ന് ചാവക്കാട് നഗരസഭാ സെക്രട്ടറിയും വ്യക്തിപരമായി ടിയാന്റെ കൈയിൽ പകർപ്പ് സൂക്ഷിച്ചിട്ടില്ലെന്ന് ശ്രീ. സാംജി ഡേവിഡും അറിയിച്ചിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ ഈ വിഷയത്തിൽ ചാവക്കാട് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. സാംജി ഡേവിഡിനെതിരായ ആരോപണങ്ങൾ വെളിവാക്കുന്നതിനാൽ ടിയാനെതിരായ അച്ചടക്ക നടപടി ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേയ്ക്ക് കുറവ് ചെയ്തുകൊണ്ട് തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**ഫിന്നി സക്കറിയ,**
**അഡീഷണൽ സെക്രട്ടറി.**

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തൃശൂർ ബ്രാഞ്ച്.
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻസ് ബ്യൂറോ
തിരുവനന്തപുരം.
സെക്രട്ടറി, ചാവക്കാട് നഗരസഭ.
ശ്രീ. സാംജി ഡേവിഡ്, സെക്രട്ടറി, വർക്കല നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**